## കേരള സർക്കാർ

### സംഗ്രഹം

ഊർജ്ജ വകുപ്പ് - ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതിക്ക വേണ്ടി ഇടുക്കി ജില്ലയിലെ കൊന്നത്തടി വില്ലേജിലെ സർവ്വേ നം.1/1(Part) – ൽ ഉൾപ്പെട്ട പുഴ പുറമ്പോക്കിലുള്ള 0.34 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച പ്രകാരമുള്ള തുക ആശ്വാസ ധനമായി നൽകുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഊർജ്ജ (ബി) വകുപ്പ്

സ.ഉ (കൈ)നം.1/2022/ഊ.വ. തിരുവനന്തപുരം, തീയതി, 04/02/2022.

---

പരാമർശം:- 08.11.2021 തീയതിയായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ജനറേഷൻ (സിവിൽ) ഡയറക്ടർ സമർപ്പിച്ച .DGC-III/ചിന്നാർ/2014 നമ്പറായ കത്ത്.

### ഉത്തരവ്

പെരിയാറിന്റെ പ്രധാന പോഷക നദികളിൽ ഒന്നായ പെരിഞ്ഞൻകുട്ടി നദിയുടെ 143.64 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള വൃഷ്ടി പ്രദേശത്തെ ജലം ഉപയോഗിക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ള ജലവൈദ്യുത പദ്ധതിയാണ് ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതി. ഈ പദ്ധതിയുടെ നിർമ്മാണത്തിൽ വെയർ, ഇൻടേക്ക്, ടണൽ, സർജ്ജ്, LPP, വാൽവ് ഹൗസ്, പെൻസ്റ്റോക്ക്, പവർ ഹൗസ് എന്നിവ ഉൾപ്പെടുന്നു. 76.47 MU വാർഷിക വൈദ്യുത ഉല്പാദനം പ്രതീക്ഷിക്കുന്ന നിർദ്ദിഷ്ട പദ്ധതിയുടെ സ്ഥാപിതശേഷി 24MW (2x12 MW) ആണ്.

2. നിർദ്ദിഷ്ട പവർ ഹൗസ് പ്രദേശത്തെ 0.34 ഹെക്ടർ പുഴ പുറമ്പോക്ക് ഭൂമി ഒഴികെ പദ്ധതിക്ക വേണ്ടി വരുന്ന ബാക്കിയുള്ള മുഴുവൻ ഭൂമിയും കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിൽ ഏറ്റെടുത്തിട്ടുണ്ട്. പവർ ഹൗസ് പ്രദേശത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകാത്തതിനാൽ ഒന്നാം ഘട്ടത്തിൽ പവർ ഹൗസ് ഒഴികെയുള്ള സിവിൽ പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിക്കാൻ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഇലക്ട്രിക്കൽ മെക്കാനിക്കൽ പ്രവൃത്തികൾക്കൊപ്പം പവർഹൗസിന്റെ സിവിൽ വർക്കിനു പ്രത്യേക ടെണ്ടർ ക്ഷണിക്കാനും അനുമതി നൽകി. തുടർന്ന് 19/3/2018-ൽ ആദ്യ ഘട്ട പ്രവൃത്തികൾ ആരംഭിക്കുകയും നിലവിൽ 43% പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

3. ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളും ബാക്കി സിവിൽ പ്രവൃത്തികളും ഒരു ഒറ്റ പാക്കേജായി ഉൾപ്പെടുത്തി രണ്ടാം ഘട്ട പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിക്കാൻ ഇപ്പോൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിച്ചിട്ടുണ്ട്. മുഴുവൻ പദ്ധതിയും 48 മാസത്തിനകം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത കാലാവധി 18/3/2022-ൽ അവസാനിക്കുന്നതാണ്. നിർദ്ദിഷ്ട സമയത്തിനുള്ളിൽ മുഴുവൻ പദ്ധതിയും പൂർത്തീകരിക്കുന്നതിനു വേണ്ടി രണ്ടാം ഘട്ട പദ്ധതി നടപ്പിലാക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ പ്രക്രിയ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ 0.34 ഹെ.ഭൂമി ഏറ്റെടുക്കുന്നതിനായി സർക്കാരിന്റെ അനുമതിക്ക് വിധേയമായി ഡിസ്ട്രിക് ലെവൽ പർച്ചേസ് കമ്മറ്റി തീരുമാനിച്ച തുക ആശ്വാസധനമായി നൽകാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

4. ഭൂമിയുടെ അഭാവം കാരണം പ്രോജക്ട് നിശ്ചലാവസ്ഥയിലായ സാഹചര്യത്തിൽ നിക്ഷേപങ്ങളുടെ ചെലവ് ഉൾപ്പെടെ, പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതിലുള്ള കാലതാമസം മൂലം പ്രതിവർഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം എത്രയാണെന്ന് റിപ്പോർട്ട് ചെയ്യുവാൻ ആവശ്യപ്പെട്ടതനുസരിച്ച് പദ്ധതിയുടെ പവർ ഹൗസ് പ്രദേശത്തിനായി പകരം മറ്റു ഭൂമി കണ്ടെത്തേണ്ടി വരുകയാണെങ്കിൽ ആയതിന് 5 കോടി രൂപയിൽ കൂടുതൽ അധിക ചിലവ് വേണ്ടി വരുമെന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ ഫേസ് I അന്തിമഘട്ടത്തിലാണെന്നും ഫേസ് II-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ടെൻഡർ ചെയ്തിട്ടുള്ളതുമാണെന്നും കെ.എസ്.ഇ.ബി.എൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പദ്ധതിയ്ക്കായി ഇതുവരെ ഏകദേശം 85 കോടിയോളം രൂപ ചിലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ പ്രതീക്ഷിത വാർഷിക വൈദ്യുതോൽപ്പാദനം 76.47 MU ആണ്. പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതിലുള്ള കാലതാമസം മൂലം പ്രതിവർഷം 48.92 കോടി രൂപയുടെ ഭീമമായ വരുമാന നഷ്ടം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനുണ്ടാകുമെന്ന് കണക്കാക്കുന്നു.

5. മേൽ സാഹചര്യത്തിൽ, ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതിക്കു വേണ്ടി ഇടുക്കി ജില്ലയിലെ കൊന്നത്തടി വില്ലേജിലെ സർവ്വേ നം.1/1(Part)- ൽ ഉൾപ്പെട്ട പുഴ പുറമ്പോക്കിലുള്ള 0.34 Ha ഭൂമി ഏറ്റെടുക്കുന്നതിന് ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച പ്രകാരമുള്ള 52,52,431/- രൂപ ആശ്വാസ ധനമായി നൽകുന്നതിനു കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനു അനുമതി നൽകണമെന്ന് ജനറേഷൻ ഡയറക്ടർ മേൽ പരാമർശിച്ച കത്ത് പ്രകാരം അപേക്ഷിച്ചു

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതിക്കുവേണ്ടി ഇടുക്കി ജില്ലയിലെ കൊന്നത്തടി വില്ലേജിലെ സർവ്വേ നം.1/1(Part)- ൽ ഉൾപ്പെട്ട പുഴ പുറമ്പോക്കിലുള്ള 0.34 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ജില്ലാതല

പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച പ്രകാരം 52,52,431/- രൂപ (അമ്പത്തി രണ്ട് ലക്ഷത്തി അമ്പത്തി രണ്ടായിരത്തി നാനൂറ്റി മുപ്പത്തി ഒന്ന് രൂപ മാത്രം) ആശ്വാസ ധനമായി നൽകുന്നതിനു കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),
**രാജേഷ് കുമാർ സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

To

ചെയർമാൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, പട്ടം, തിരുവനന്തപുരം
ജില്ലാ കളക്ടർ, ഇടുക്കി.
ഡയറക്ടർ, സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ്, തിരുവനന്തപുരം
മെമ്പർ (ജനറേഷൻ പ്രോജക്ട്സ്), പട്ടം, തിരുവനന്തപുരം.
ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (27/01/2022 -ലെ ഇനം.നം.511 പ്രകാരം).
റവന്യൂ വകുപ്പ്.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).
കരുതൽ ഫയൽ / ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

511

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | 72/ബി1/2020/ഊ.വ |
| 2. | വകുപ്പ് | ഊർജ്ജ (ബി) വകുപ്പ് |
| 3. | വിഷയം | ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതിക്കു വേണ്ടി പുഴ പുറമ്പോക്കിലുള്ള 0.34 Ha ഭൂമി ഏറ്റെടുക്കുന്നതിന് 52,52,431/- രൂപ ആശ്വാസധനമായി നൽകുന്നതിനു കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനു അനുമതി നൽകാനുള്ള ജനറേഷൻ ഡയറക്ടറുടെ ശുപാർശ - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 03/01/2022 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>(ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | അതെ<br><br>ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഉണ്ട്, റവന്യു വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി.ശ്രീജ.വി |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ.രാജേഷ് കുമാർ സിൻഹ |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 17/01/2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 19/01/2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ .കെ.കൃഷ്ണൻകുട്ടി |
| 13. | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 19/01/2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 22/01/2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതിക്കു വേണ്ടി പുഴ പുറമ്പോക്കിലുള്ള 0.34 Ha ഭൂമി ഏറ്റെടുക്കുന്നതിന് 52,52,431/- രൂപ ആശ്വാസ ധനമായി നൽകുന്നതിനു കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനു അനുമതി നൽകാനുള്ള ജനറേഷൻ ഡയറക്ടറുടെ നിർദ്ദേശമാണ് ഈ കുറിപ്പിൽ കൈകാര്യം ചെയ്യുന്നത്.

2). പെരിയാറിന്റെ പ്രധാന പോഷക നദികളിൽ ഒന്നായ പെരിഞ്ഞൻകുട്ടി നദിയുടെ 143.64 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള വൃഷ്ടി പ്രദേശത്തെ ജലം ഉപയോഗിക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ള ജലവൈദ്യുത പദ്ധതിയാണ് ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതി. ഈ പദ്ധതിയുടെ നിർമ്മാണത്തിൽ വെയർ, ഇൻടേക്ക്, ടണൽ, സർജ്ജ്, LPP, വാൽവ് ഹൗസ്, പെൻസ്റ്റോക്ക്, പവർ ഹൗസ് എന്നിവ ഉൾപ്പെടുന്നു. 76.47 MU വാർഷിക വൈദ്യുത ഉല്പാദനം പ്രതീക്ഷിക്കുന്ന നിർദ്ദിഷ്ട പദ്ധതിയുടെ സ്ഥാപിതശേഷി 24MW (2x12 MW) ആണ്.

3). നിർദ്ദിഷ്ട പവർ ഹൗസ് പ്രദേശത്തെ 0.34 ഹെക്ടർ പുഴ പുറമ്പോക്ക് ഭൂമി ഒഴികെ പദ്ധതിക്കു വേണ്ടി വരുന്ന ബാക്കിയുള്ള മുഴുവൻ ഭൂമിയും കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിൽ ഏറ്റെടുത്തിട്ടുണ്ട്. പവർ ഹൗസ് പ്രദേശത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകാത്തതിനാൽ ഒന്നാം ഘട്ടത്തിൽ പവർ ഹൗസ് ഒഴികെയുള്ള സിവിൽ പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിക്കാൻ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഇലക്ട്രിക്കൽ മെക്കാനിക്കൽ പ്രവൃത്തികൾക്കൊപ്പം പവർഹൗസിന്റെ സിവിൽ വർക്കിനു പ്രത്യേക ടെണ്ടർ ക്ഷണിക്കാനും അനുമതി നൽകി. തുടർന്ന് 19/3/2018-ൽ ആദ്യ ഘട്ട പ്രവൃത്തികൾ ആരംഭിക്കുകയും നിലവിൽ 43% പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

4). ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളും ബാക്കി സിവിൽ പ്രവൃത്തികളും ഒരു ഒറ്റ പാക്കേജായി ഉൾപ്പെടുത്തി രണ്ടാം ഘട്ട പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിക്കാൻ ഇപ്പോൾ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. മുഴുവൻ പദ്ധതിയും 48 മാസത്തിനകം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത കാലാവധി 18/3/2022-ൽ അവസാനിക്കുന്നതാണ്. നിർദ്ദിഷ്ട സമയത്തിനുള്ളിൽ മുഴുവൻ പദ്ധതിയും പൂർത്തീകരിക്കുന്നതിനു വേണ്ടി രണ്ടാം ഘട്ട പദ്ധതി നടപ്പിലാക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ പ്രക്രിയ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ 0.34 ഹെ.ഭൂമി ഏറ്റെടുക്കുന്നതിനായി സർക്കാരിന്റെ അനുമതിക്ക് വിധേയമായി ഡിസ്ട്രിക് ലെവൽ പർച്ചേസ് കമ്മറ്റി തീരുമാനിച്ച തുക ആശ്വാസധനമായി നൽകാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

5). അടുത്ത കാലത്ത് മാങ്കുളം ജലവൈദ്യുത പദ്ധതിക്കുവേണ്ടി പുഴ പുറമ്പോക്കിലും നിക്ഷിപ്ത വനഭൂമിയായി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്ന പുറമ്പോക്കിലും അധിവസിക്കുന്ന കുടുംബങ്ങൾക്ക് ജില്ലാ പർച്ചേസ് കമ്മിറ്റിയുടെ തീരുമാന പ്രകാരം നഷ്ട പരിഹാര തുക നൽകാൻ അനുമതി നൽകി 19/5/2020 ലെ സ.ഉ(കൈ)നം.3/2020/ഊ.വ എന്ന ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ കളക്ടറുടെ അനുമതിക്ക് വിധേയമായി ചിന്നാർ ജലവൈദ്യുതി പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്ന 0.34 ഹെക്ടർ പുറമ്പോക്ക് ഭൂമിക്ക് ജില്ല പർച്ചേസ് കമ്മിറ്റി തീരുമാനിച്ച പ്രകാരം ആശ്വാസധനം നൽകാൻ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. ഇതിനുവേണ്ടി ജില്ലാ കളക്ടറെ സമീപിച്ചപ്പോൾ മേൽ ഉത്തരവ് മാങ്കുളം ജലവൈദ്യുത പദ്ധതിക്ക് മാത്രമാണ് ബാധകമെന്നും ചിന്നാർ പദ്ധതിക്കായി പ്രത്യേക സർക്കാർ ഉത്തരവ് വേണമെന്നും കളക്ടർ അറിയിച്ചിട്ടുണ്ട്.

6). മേൽ സാഹചര്യത്തിൽ ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതിക്കു വേണ്ടി

പുഴ പുറമ്പോക്കിലുള്ള 0.34 Ha ഭൂമി ഏറ്റെടുക്കുന്നതിന് 52,52,431/- രൂപ ആശ്വാസ ധനമായി നൽകുന്നതിനു കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനു അനുമതി നൽകാൻ ജനറേഷൻ ഡയറക്ടർ അപേക്ഷിക്കുന്നു.

7). മേൽ വിഷയത്തിൽ റവന്യൂ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"ചിന്നാർ വൈദ്യുത പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ശ്രീമതി മേരിക്കുട്ടി ജേക്കബ് എന്ന വ്യക്തിയുടെ കൈവശമുള്ളതുമായ 0.3376 ഹെക്ടർ പുഴപുറമ്പോക്കു ഭൂമിയും 0.0019 ഹെക്ടർ കൈവശ ഭൂമിയും ഉൾപ്പെടെ 0.34 ഹെക്ടർ (83 .86 സെന്റ്) ഭൂമി DLPC നിശ്ചയിച്ച തുകയായ 52,52,431/- രൂപ exgratia payment ആയി നൽകി ചിന്നാർ ഹൈഡ്രോ ഇലക്ട്രിക്ക് പ്രോജക്ടിനായി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഊർജ്ജ വകുപ്പിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. എന്നാൽ, പ്രസ്തുത പുഴപുറമ്പോക്ക് ഭൂമിയുടെ ഭരണം സർക്കാർ ഏറ്റെടുത്തതായി തദ്ദേശ സ്വയംഭരണ വകുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക്, ടി പുഴപുറമ്പോക്ക് ഭൂമി നിയമാനുസൃതം KSEB യ്ക്ക് അനുവദിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണെന്ന വിവരം കൂടി അറിയിച്ചുകൊണ്ട് ഫയൽ മടക്കുന്നു."

8). കെ.എസ്.ഇ.ബി.എൽ ന്റെ മേൽ നിർദ്ദേശത്തിൽ ധനകാര്യ വകുപ്പിന് എതിർപ്പില്ലായെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടിട്ടുണ്ട്.

9). ഭൂമിയുടെ അഭാവം കാരണം പ്രോജക്ട് നിശ്ചലാവസ്ഥയിലായ സാഹചര്യത്തിൽ നിക്ഷേപങ്ങളുടെ ചെലവ് ഉൾപ്പെടെ, പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതിലുള്ള കാലതാമസം മൂലം പ്രതിവർഷം കെ.എസ്.ഇ.ബി.എൽ-നുണ്ടാകുന്ന സാമ്പത്തിക നഷ്ടം എത്രയാണെന്ന് റിപ്പോർട്ട് ചെയ്യുവാൻ കെ.എസ്.ഇ.ബി.എൽ-നോട്

ആവശ്യപ്പെട്ടിരുന്നു. പദ്ധതിയുടെ പവർ ഹൗസ് പ്രദേശത്തിനായി പകരം മറ്റു ഭൂമി കണ്ടെത്തേണ്ടി വരുകയാണെങ്കിൽ ആയതിന് 5 കോടി രൂപയിൽ കൂടുതൽ അധിക ചിലവ് വേണ്ടി വരുമെന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ ഫേസ് I അന്തിമഘട്ടത്തിലാണെന്നും ഫേസ് II- ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ടെൻഡർ ചെയ്തിട്ടുള്ളതുമാണെന്നും കെ.എസ്.ഇ.ബി.എൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പദ്ധതിയ്ക്കായി ഇതുവരെ ഏകദേശം 85 കോടിയോളം രൂപ ചിലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ പ്രതീക്ഷിത വാർഷിക വൈദ്യുതോൽപ്പാദനം 76.47 MU ആണ്. പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതിലുള്ള കാലതാമസം മൂലം പ്രതിവർഷം 48.92 കോടി രൂപയുടെ ഭീമമായ വരുമാന നഷ്ടം കെ.എസ്.ഇ.ബി.എൽ-നുണ്ടാകുമെന്ന് കണക്കാക്കുന്നു.

10). മേൽ വിഷയം മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

## <u>തീരുമാനിക്കേണ്ട കാര്യം</u>

ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതിക്കു വേണ്ടി പുഴ പുറമ്പോക്കിലുള്ള 0.34 Ha ഭൂമി ഏറ്റെടുക്കുന്നതിന് ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച പ്രകാരം 52,52,431/- രൂപ ആശ്വാസ ധനമായി നൽകുന്നതിനു കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനു അനുമതി നൽകാനുള്ള ജനറേഷൻ ഡയറക്ടറുടെ നിർദ്ദേശം അംഗീകരിക്കാമോ?.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-01-2022

ഫയൽ നം. 72/ബി1/2020/ഊ.വ. ഇനം നം: 511

വിഷയം : ഊർജ്ജ വകുപ്പ് - ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതിക്കു വേണ്ടി പുഴ പുറമ്പോക്കിലുള്ള 0.34 Ha ഭൂമി ഏറ്റെടുക്കുന്നതിന് 52,52,431/- രൂപ ആശ്വാസധനമായി നൽകുന്നതിനു കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനു അനുമതി നൽകാനുള്ള ജനറേഷൻ ഡയറക്ടറുടെ ശിപാർശ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്.

Rajesh Kuma[illegible] [illegible]ha IAS
Principal S[illegible]y
Power Depa[illegible]nt
Govt. Secretariat
Thiruvananthapuram

JS-P